**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6612** **11-11-2021 - ൽ മറുപടിയ്ക്ക്**

**കെ.ജി.റ്റി.ഇ. (കോമേഴ്സ്) ടൈപ്പ് റൈറ്റിംഗ് പരീക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കോവൂർ കുഞ്ഞുമോൻ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 2021 സെപ്റ്റംബറിലെ കെ.ജി.റ്റി.ഇ. (കോമേഴ്സ്) ടൈപ്പ് റൈറ്റിംഗ് ആന്റ് വേഡ് പ്രോസസ്സിംഗ് പരീക്ഷയ്ക്കുള്ള വിജ്ഞാപനത്തിൽ വേഡ് പ്രോസസ്സിംഗ് പരീക്ഷയുടെ വ്യക്തമായ വിവരങ്ങളും സിലബസും ഉൾപ്പെടുത്താതിരുന്നതിനുള്ള കാരണം വ്യക്തമാക്കാമോ; | (എ) | മുൻവർഷങ്ങളിൽ നിലവിൽ ഉണ്ടായിരുന്ന രീതിയിലാണ് 2021 സെപ്റ്റംബറിലെ കെ.ജി.റ്റി.ഇ. വിജ്ഞാപനം പ്രസിദ്ധീകരിച്ചത്. അടുത്ത പരീക്ഷയുടെ വിജ്ഞാപനം മുതൽ എൽ.ബി.എസ് സെന്ററിൽ നിന്നും വേഡ് പ്രോസസ്സിംഗ് പരീക്ഷയോടനുബന്ധിച്ച് നൽകേണ്ട നിർദ്ദേശങ്ങൾ വാങ്ങി അതുകൂടി ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്. |
| (ബി) | എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി മുഖേന നടത്തുന്ന വേഡ് പ്രോസസ്സിംഗ് പരീക്ഷയിലെ മലയാളം ഒന്നും രണ്ടും പേപ്പറുകളിൽ ഏതെല്ലാം സോഫ്റ്റ് വെയറുകളിലാണ് പരീക്ഷ നടത്തുന്നതെന്നും ടൈപ്പ് റൈറ്റിംഗ്, ഇൻസ്ക്രിപ്റ്റ് മോഡുകളിൽ പരീക്ഷ നടത്തുന്നുണ്ടോയെന്നും ഉണ്ടെങ്കിൽ ഏതെല്ലാം മലയാളം ഫോണ്ടുകളാണ് പരിശീലിക്കേണ്ടതെന്നും വ്യക്തമാക്കാമോ; പ്രസ്തുത ഇംഗ്ലീഷ്, മലയാളം പരീക്ഷകളിലെ രണ്ടാം പേപ്പറിനായി എം.എസ്. വേഡ് 2007 ആണോ പരിശീലിക്കേണ്ടതെന്ന് അറിയിക്കാമോ; | (ബി) | എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി മുഖേന നടത്തുന്ന വേഡ് പ്രോസസ്സിംഗ് പരീക്ഷയിലെ മലയാളം പേപ്പർ ഒന്ന് എൽ.ബി.എസ്. സെന്റർ വികസിപ്പിച്ച സോഫ്റ്റ് വെയർ ഉപയോഗിച്ചും പേപ്പർ II എം.എസ്.വേർഡ് 2007 ഉപയോഗിച്ചുമാണ് പരീക്ഷ നടത്തുന്നത്. ടൈപ്പ്റൈറ്റിംഗ്, ഇൻസ്ക്രിപ്റ്റ് മോഡുകളിലാണ് പരീക്ഷ നടത്തുന്നത്. എം.എസ് വേർഡിൽ ഉള്ള എല്ലാ മലയാളം ഫോണ്ടുകളും ഉപയോഗിക്കാവുന്നതാണ്. പ്രസ്തുത ഇംഗ്ലീഷ്, മലയാളം പരീക്ഷകളിലെ രണ്ടാം പേപ്പറിനായി എം.എസ്. വേഡ് 2007 ആണ് പരിശീലിക്കേണ്ടത്. |
| (സി) | വേഡ് പ്രോസസ്സിംഗ് പരീക്ഷയുടെ സിലബസ് സംബന്ധിച്ച് ഉത്തരവുകൾ നിലവിലുണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; | (സി) | ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | വേഡ് പ്രോസസ്സിംഗ് പരീക്ഷ സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ അടുത്ത കെ.ജി.റ്റി.ഇ. (കോമേഴ്സ്) ടൈപ്പ് റൈറ്റിംഗ് ആന്റ് വേഡ് പ്രോസസ്സിംഗ് പരീക്ഷയുടെ വിജ്ഞാപനം മുതൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ഡി) | എൽ.ബി.എസ് സെന്ററിൽ നിന്നും വേഡ് പ്രോസസ്സിംഗ് പരീക്ഷയോടനുബന്ധിച്ച് നൽകേണ്ട നിർദ്ദേശങ്ങൾ വാങ്ങി അതുകൂടി ഉൾപ്പെടുത്തി അടുത്ത വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്. |
| (ഇ) | കെ.ജി.റ്റി.ഇ. വേഡ് പ്രോസസ്സിംഗ് പരീക്ഷ സംബന്ധിച്ച് പരീക്ഷാർത്ഥികൾക്കുള്ള ആശങ്കകൾ | (ഇ) | പ്രസ്തുത പരീക്ഷ സംബന്ധിച്ച് പരീക്ഷാർത്ഥികൾക്കുള്ള ആശങ്കകൾ നേരിട്ടും, |

| | | | |
|---|---|---|---|
| | പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | | ഇമെയിൽ, ഫോൺ മുഖേന വരുന്നവ ആ മുറയ്ക്കും എൽ.ബി.എസ് സെന്റർ അതിവേഗം പരിഹരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

(1)
21/10

# കേരള സർക്കാർ

സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കെ.ജി.ടി.ഇ. (കൊമേഴ്സ്) ടൈപ്പ്റൈറ്റിംഗ് മലയാളം (ലോവർ) സിലബസ് പരിഷ്ക്കരിച്ച് ഉത്തരവാകുന്നു.

---

## ഉന്നത വിദ്യാഭ്യാസ (ജെ) വകുപ്പ്

സർക്കാർ ഉത്തരവ്(എം.എസ്)നം. 285/11/ഉ.വി.വ. തിരുവനന്തപുരം, തീയതി: 18/10/2011

---

പരാമർശം:-(1) ജി.ഒ.(എം.എസ്) നമ്പർ 369/10/ഉ.വി.വ. തീയതി 09-11-2010.
(2) 13-09-2011 -ലെ എച്ച്.6/21565/2011/സി.ജി.ഇ. നമ്പരിലുള്ള പരീക്ഷാ ഭവൻ സെക്രട്ടറിയുടെ കത്ത്.

## ഉത്തരവ്

കെ.ജി.ടി.ഇ. (കൊമേഴ്സ്) ടൈപ്പ്റൈറ്റിംഗ് മലയാളം (ലോവർ) പരീക്ഷയിൽ വേഡ് പ്രോസസിംഗ് പരീക്ഷയും ഉൾപ്പെടുത്തി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പരാമർശം (2) -ലെ പരീക്ഷാ ഭവൻ സെക്രട്ടറിയുടെ കത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരീക്ഷയുടെ സ്പീഡ് ടെസ്റ്റിന് 10 മിനിട്ട് സമയവും പരമാവധി മാർക്ക് 50 ആയും, വേഡ് പ്രോസസിംഗ് ടെസ്റ്റിന് 30 മിനിട്ട് സമയവും പരമാവധി മാർക്ക് 50 ആയും നിജപ്പെടുത്തി ഉത്തരവാകുന്നു. വിശദമായ സിലബസ് അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എം.ഷെറീഫ്
ജോയിന്റ് സെക്രട്ടറി

(1) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
(2) ഡയറക്ടർ, എൽ.ബി.എസ്. സെന്റർ, തിരുവനന്തപുരം.
(3) സെക്രട്ടറി, പരീക്ഷാ ഭവൻ, പൂജപ്പുര, തിരുവനന്തപുരം.
(4) ഉദ്യോഗസ്ഥ-ഭരണ പരിഷ്ക്കാര വകുപ്പ്.
(5) സെക്രട്ടറി/പ്രസിഡന്റ്, ടൈപ്പ് റൈറ്റിംഗ് & കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ട് ഓണേഴ്സ് വെൽഫെയർ അസോസിയേഷൻ, C/o മഹാദേവൻസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോമേഴ്സ് & കമ്പ്യൂട്ടേഴ്സ്, മുട്ടത്തിൽ ലെയിൻ, കടവന്ത്ര, കൊച്ചി - 682 020.
(6) ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് (പ്രസിദ്ധീകരണത്തിന്)
(7) സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

വി.കെ 18/11.10

Content Outline

Malayalam Typing using Bhasha Software

Familiarisation of Malayalam Keys using inscript keyboard
Usage of Bhasha software for typing Malayalam inside other applications

Fundamentals of Computer

- Application and usage of computers
- Classification of computers
- Functional blocks of a computer
- Input unit – Output unit – Memory unit
- Block diagram
- Hardware/Software
- Memory Devices
- High/Low level language
- Operating systems

Windows

- ·Fundamentals of Windows (98/XP/2000)/Open Source Operating Systems
- Parts and Usage of different components of a window
- Usage of Desktop – Task Bar – Recycle Bin
- Using different applications available in the Operating systems

Word Processing

- Using Microsoft Windows/Open Office Packages
- Basic Features of Word processing, advantages over typewriting
- Basics of word processing
- Starting Malayalam Application (Bhasha) and activating Malayalam
- Keyboard driver software with word-processing applications
- Switching between Malayalam and English Keyboard
- Saving, Copying and Deleting documents
- Editing documents
    - Typing text, Inserting, copying, cutting, pasting etc
    - Formatting text using different fonts, typestyles etc, using toolbars
    - Setting paragraph Options
    - Setting tabs and indents
- Managing toolbars
- Managing word views

- Managing multiple documents
- Splitting documents
- Hiding and un-hiding text
- Formatting long documents
    - Using styles
    - Creating indexes and references
    - Creating table of contents
- Creating template and usage
- Creating Headers and Footers
- Creating sections
- Usage of find and replace tools
- Spelling and Grammar Checking
- Table Management
    - Creating Tables
    - Inserting and Deleting rows and columns
    - Merging and splitting cells
    - Advanced Table features
- Using wordart, shapes, clipart, pictures etc.
- Page setup
- Previewing and Printing of documents

Scheme of Evaluation

1. Speed Test (50 Marks) 10 Mts. Duration
    a. [illegible] Malayalam [illegible] around [illegible] characters will be provided as hardcopy and the candidate has to type it inside the LBS Typing Evaluator (Software developed by LBS Centre for Science & Technology) for word-processing test. The evaluation will be done by counting the correct number of words inside the typed text and a mark will be generated based on that and the maximum mark for that test is 50.

2. Word Processing (50 Marks) 30 Mts. Duration
    a. Using Microsoft word/Open office writer, creating a Malayalam document with
        i. Running text, Tables, Pictures, shapes etc.
        ii. Sample Govt. Orders etc.
        iii. Sample DO letter
        iv. Sample Circular etc.

(signature)
സെക്ഷൻ ഓഫീസർ